**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട്, പുറത്തൂർ, മംഗലം എന്നീ പഞ്ചായത്തുകളിലേയ്ക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിയ്ക്ക് വേണ്ടിയുള്ള ജലശുദ്ധീകരണ പ്ലാന്റ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി - സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.712/2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 26.03.2019.

---

പരാമർശം - 1) 22.2.2019.-ലെ സ.ഉ.(സാധാ) നം.380/2019/ത.സ്വ.ഭ.വ നമ്പർ .

2) തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23.02.2019 -ലെ A2-5233/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃപ്രങ്ങോട്,പുറത്തൂർ,മംഗലം ഗ്രാമപഞ്ചായത്തുകളിലേക്ക് സമഗ്ര കുടിവെള്ള പദ്ധതിക്കായി മൂന്ന് ഗുണഭോക്തൃ പഞ്ചായത്തുകൾ ചേർന്ന് തൃപ്രങ്ങോട് പഞ്ചായത്തിൽ ലാൻഡ് അക്വിസിഷൻ ആക്ട് 2013 പ്രകാരം ഒരേക്കർ 15 സെന്റ് ഭൂമി വാങ്ങുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഭേദഗതി വരുത്തി 2005- ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയ്ക്കലും) ചട്ടങ്ങളിലെ ചട്ടം (5) പ്രകാരം സ്ഥലം ഏറ്റെടുത്ത് കേരള വാട്ടർ അതോറിറ്റിക്ക് ഉപയോഗാനുമതി നൽകാൻ ഉത്തരവാകണമെന്ന് തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട്, പുറത്തൂർ, മംഗലം ഗ്രാമപഞ്ചായത്തുകളിൽ വാട്ടർ അതോറിറ്റി വഴി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി തൃപ്രങ്ങോട് വില്ലേജിൽ ആലത്തിയൂർ അംശത്തിൽ 32/3-2, 32/3 -1 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട ഒരേക്കർ 15 സെന്റ് ഭൂമി, 2005- ലെ കേരള പഞ്ചായത്ത് രാജ്(വസ്തു ആർജ്ജിക്കലും കയ്യൊഴിയ്ക്കലും ) ചട്ടങ്ങൾ പ്രകാരം, ടി ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചു ഭൂമി ഏറ്റെടുക്കണമെന്ന വ്യവസ്ഥയിൽ, ഏറ്റെടുക്കുന്നതിന് തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു .

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**മുഹമ്മദ് റിയാസ്**

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, മലപ്പുറം

സെക്രട്ടറി, തൃപ്രങ്ങോട്/പുറത്തൂർ/മംഗലം ഗ്രാമപഞ്ചായത്ത്.

എക്സിക്യൂട്ടീവ് എഞ്ചിനീയർ,കേരള വാട്ടർ അതോറിറ്റി,മലപ്പുറം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
റവന്യൂ ഡിപ്പാർട്ട്മെൻറ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ